22. വാർഷിക വരുമാനപരിധി 75000 രൂപയിൽ കുറവുള്ള വിമുക്തഭടൻമാരുടെ 60 കുട്ടികൾക്ക് എഞ്ചിനീയറിംഗ്/എം.ബി.ബി.എസ്. പ്രവേശന പരിശീലനത്തിന് 2750 രൂപ സാമ്പത്തിക സഹായം നൽകിവരുന്നു.

23. നിർദ്ധനരും രോഗികളുമായ വിമുക്തഭടൻമാർക്ക് ചികിത്സയ്ക്ക് 1000 രൂപ ഗ്രാന്റായി നൽകുന്നു.

24. അംഗീകൃത വൃദ്ധ സദനങ്ങളിൽ കഴിയുന്ന നിർദ്ധനരായ വിമുക്തഭടൻമാർക്ക് പ്രതിമാസം 200 രൂപ ധനസഹായം നൽകുന്നു.

25. യുദ്ധത്തിൽ കൊല്ലപ്പെടുന്ന പ്രതിരോധ/പാരാമിലിറ്ററി സേനാംഗങ്ങളുടെ ആശ്രിതർക്ക് 15000 രൂപ എക്സ്ഗ്രേഷ്യ ഗ്രാന്റ് (അടിയന്തിര സഹായം) നൽകി വരുന്നു.

26. സമാന്തര സേനാവിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച ടി. എ. ഡക്കറേഷൻ/ടി.എ. മെഡൽ/ധീരപുരസ്കാര ജേതാക്കൾക്ക് കാഷ് അവാർഡ്.

27. സമാന്തര സേനാവിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സാമ്പത്തിക പ്രോത്സാഹനം.

28. വാർഷിക വരുമാനം 50,000 രൂപയിൽ കുറവുള്ള വിമുക്തഭടൻമാരുടെ മിടുക്കരായ കുട്ടികൾക്ക് എസ്.എസ്.എൽ.സി. മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകൾക്ക് സ്കോളർഷിപ്പ്.

(ബി) രണ്ടാം ലോക മഹായുദ്ധ സേനാനികൾക്ക് നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായം ട്രഷറി നിയന്ത്രണങ്ങളാലും പ്രതിമാസ സീലിംഗ് നിയന്ത്രണത്താലും പത്തനംതിട്ട ജില്ലയിൽ മുടങ്ങിയിട്ടുണ്ട്.

(സി) ഫെബ്രുവരി ആദ്യവാരത്തോടുകൂടി പ്രസ്തുത കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുന്നതിനുവേണ്ട സത്വര നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ഡി) ഗവൺമെന്റിൽ നിന്നും താൽക്കാലിക ട്രഷറി നിയന്ത്രണം മാറ്റിയ ശേഷം കുടിശ്ശിക തീർക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

വീരമൃത്യുവരിച്ച മലയാളി സൈനികർ

101 [1576] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളികളായ എത്ര സൈനികർ ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുകയുണ്ടായി എന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തികവും അല്ലാത്തതുമായ സഹായാനുകൂല്യങ്ങൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം അകാലമൃത്യുവിനിരയായ സൈനികരുടെ അനന്തരാവകാശികൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകിയ എത്ര കേസുകളുണ്ടെന്ന് അറിയിക്കാമോ;

(ഡി) അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളികളായ 64 സൈനികർ/അർദ്ധസൈനികർ ഡ്യൂട്ടിക്കിടയിൽ കൊല്ലപ്പെടുകയുണ്ടായി.

(ബി) ഇപ്രകാരം മരണമടഞ്ഞവരുടെ ആശ്രിതരിൽ അർഹതപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുകയുണ്ടായി.

1. മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്ന് (പരമാവധി 5 ലക്ഷം രൂപ വരെ) സാമ്പത്തിക സഹായം.

2. സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം.

3. ഭവന നിർമ്മാണത്തിന് 50,000 രൂപ വരെ ധനസഹായം.

4. താമസിക്കുന്ന വീടിന് നികുതി സൗജന്യം.

5. കുട്ടികൾക്കും മറ്റ് ആശ്രിതർക്കും വിവിധ കോഴ്സുകളിൽ സീറ്റ് സംവരണം, സ്കോളർഷിപ്പുകൾ, ഫീസ് ഇളവ് മുതലായവ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മരിച്ച 64 സൈനികരുടെ ആശ്രിതരായ 12 പേർ ഉൾപ്പെടെ ആകെ 37 പേർക്ക് വിവിധ വകുപ്പുകളിലായി സർക്കാർ നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മരിച്ച 64 സൈനികരുടെ ആശ്രിതരിൽ സർക്കാർ സർവീസിൽ നിയമനം നൽകിയ 12 പേരെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ഗണ്ണർ സന്തോഷ് കുമാറിന്റെ സഹോദരൻ ശ്രീ. പദ്മകുമാറിന് ആലപ്പുഴ ജില്ലയിൽ കൃഷി വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

2. സാപ്പർ എം. ഗിരീഷിന്റെ സഹോദരി ശ്രീമതി ദീപയ്ക്ക് പാലക്കാട് ജില്ലയിൽ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

3. ഹവിൽദാർ കെ. രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി സീനാറാണിക്ക് കൊല്ലം ജില്ലയിൽ വ്യവസായ പരിശീലന വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

4. നായിക് ഷാജൻ മാത്യുവിന്റെ സഹോദരി ഷിജി മാത്യുവിന് കോട്ടയം ജില്ലയിൽ ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സായി നിയമനം നൽകി.

5. നായിക് പി. ശശിധരന്റെ ഭാര്യ ശ്രീമതി സുജുവിന് കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

6. ലഫ്റ്റനന്റ് അനൂപ്കുമാറിന്റെ സഹോദരി ശ്രീമതി സ്വപ്ന വി. നായർക്ക് ആലപ്പുഴ ജില്ലയിൽ ഹയർസെക്കന്ററി സ്കൂളിൽ പ്ളസ് ടു അധ്യാപികയായി നിയമനം നൽകി.

7. നായിക് മനോജിന്റെ ഭാര്യ ശ്രീമതി കവിതയ്ക്ക് ആലപ്പുഴ ജില്ലയിൽ കൃഷി വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

8. ഗണ്ണർ രതീഷിന്റെ സഹോദരി കുമാരി രജനിക്ക് തിരുവനന്തപുരം ജില്ലയിൽ വിജിലൻസ് വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

9. കോൺസ്റ്റബിൾ മോനച്ചന്റെ ഭാര്യ ശ്രീമതി ബിനുവിന് കൊല്ലം ജില്ലയിൽ കൊമേഴ്സ്യൽ ടാക്സ് വകുപ്പിൽ എൽ.ഡി.സി.-യായി നിയമനം നൽകി.

10. നായിക് പി. വി. രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി ജിനിറാണിയെ പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിൽ 'ലസ്ക്കാർ' ആയി നിയമിച്ചു.

11. കുക്ക് ജി. സുരേന്ദ്രൻ നായരുടെ ഭാര്യ ശ്രീമതി ഗീതാകുമാരിയെ കൊല്ലം ജില്ലയിൽ സാമൂഹ്യ ക്ഷേമ വകുപ്പിൽ എൽ.ഡി.സി.-യായി നിയമിച്ചു.

12. സിപോയ് ജെനിഷിന്റെ സഹോദരി കുമാരി ജെഷീനയെ വയനാട് ജില്ലയിൽ കൊമേഴ്സ്യൽ ടാക്സ് വകുപ്പിൽ എൽ.ഡി.സി.-യായി നിയമിച്ചു.

സ്വാതന്ത്ര്യ സമര സേനാനികളുടെ സംഘടനകളുടെ നിവേദനങ്ങൾ

102 [1577] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികളുടെ സംഘടനകളായ കേരള സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷനും, കേരള ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷനും മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിൽ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ പെൻഷൻ കിട്ടുന്ന അർഹതപ്പെട്ടവർക്കുകൂടി സ്വാതന്ത്ര്യ സമര സേനാനികളുടെ കേന്ദ്ര പെൻഷൻ ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ വന്നശേഷം സ്വാതന്ത്ര്യ സമര സേനാനികൾക്കായി നടപ്പാക്കിയിട്ടുള്ള ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly